എ. ഡി. ബി. തുക ലഭ്യമായതിനുശേഷം കെ.എസ്.ഇ.ബി.-യിൽ വരുത്തിയ പരിഷ്ക്കാരങ്ങൾ

100 (3900) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഡി.ബി.-യിൽ നിന്ന് ലഭിച്ച വായ്പയിൽ എത്ര കോടി രൂപയാണ് വൈദ്യുതി ബോർഡിൽ ചെലവാക്കിയത് ;

(ബി) വൈദ്യുതി ബോർഡിൽ ഏതെല്ലാം കാര്യത്തിനുവേണ്ടിയാണ് പ്രസ്തുത തുക വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) അതിന്റെ ഭാഗമായി വൈദ്യുതി ബോർഡിൽ വരുത്തിയ പരിഷ്ക്കാരങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വായ്പ നൽകുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.-യിൽ ഏതെങ്കിലും പരിഷ്ക്കാര നടപടി കൈക്കൊള്ളുന്നതെന്ന് എ.ഡി.ബി. നിർദ്ദേശിച്ചിരുന്നുവോ ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണ് ?

ഉത്തരം

(എ-സി) 2002-03 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥനയിൽ അനുവദിച്ചിരുന്ന 200 കോടി രൂപ ബോർഡ് 2002-03-ൽ സർക്കാരിന് നൽകാനുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടി (179 കോടി രൂപ), സർചാർജ്ജ് (6 കോടി രൂപ), ഗ്യാരന്റി ഫീസ് (15 കോടി രൂപ) ഇവയിൽ തട്ടിക്കിഴിച്ച് ഉത്തരവായിട്ടുണ്ട്. തുകയൊന്നും നൽകിയിട്ടില്ല.

(ഡി) കേരളത്തിന്റെ വൈദ്യുതി മേഖലയുടെ വികസനത്തിനുള്ള വായ്പ ലഭ്യമാക്കുന്നതിന്റെ വിശദാംശങ്ങൾ പഠിക്കുന്നതിനായി എ.ഡി.ബി., ക്രീസിൽ, ആന്റ് സെക്ന്റിനെ കൺസൾട്ടന്റായി നിമയിച്ചു. അവർ പഠനം നടത്തിയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

വൈദ്യുതി ബോർഡ് ഈ വർഷം പ്രതീക്ഷിക്കുന്ന നഷ്ടം

101 (3901) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് ഈ സാമ്പത്തികവർഷം നഷ്ടം പ്രതീക്ഷിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടി ;

(ബി) ഈ നഷ്ടം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2003-04-ലെ ബോർഡിന്റെ ബഡ്ജറ്റ് പ്രകാരം കമ്മി 802.32 കോടി രൂപയാകും എന്നാണ് കണക്കാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വായ്പകൾ പുനഃക്രമീകരിച്ച് പലിശ ഇനത്തിലെ ചെലവ് കുറയ്ക്കുക ; ചെലവ് നിയന്ത്രിക്കുവാൻ സാദ്ധ്യതയുള്ള മേഖലകളിൽ ചെലവ് നിയന്ത്രിക്കുക, പ്രസരണ വിതരണ നഷ്ടം കുറയ്ക്കുക, ആന്റ് പവർ തെഫ്റ്റ് സ്കാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക മുതലായ നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതി

102 (3902) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപുള്ള മാസം കേന്ദ്ര പൂളിൽ നിന്നും എത്ര വൈദ്യുതി ലഭിച്ചിരുന്നു എന്നും അത് ഏതൊക്കെ സ്ഥലത്തുനിന്നുമാണെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതിയിൽ എന്ത് കുറവുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(സി) കേന്ദ്രപൂളിൽ നിന്നും സംസ്ഥാനത്ത് കിട്ടിക്കൊണ്ടിരിക്കുന്ന വൈദ്യുതിയുടെ അളവ് കുറയുന്നതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) കേന്ദ്രപൂളിൽ നിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപുള്ള മാസം (ഏപ്രിൽ 2001-ൽ) 346 ദശലക്ഷം യൂണിറ്റ് വൈദ്യുതി കേന്ദ്രപൂളിൽ നിന്നും ലഭിച്ചിട്ടുണ്ട്. വെസ്റ്റേൺ റീജിയൻ, ഈസ്റ്റേൺ റീജിയണൽ, എൻ.ടി.പി.സി. നെയ്വേലി, മദ്രാസ് അറ്റോമിക് പവർ സ്റ്റേഷൻ, കൈഗാ അറ്റോമിക് പവർ സ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്നാണ് വൈദ്യുതി ലഭിച്ചത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതിയിൽ കുറവുണ്ടായിട്ടില്ല.

(സി) പ്രസക്തമല്ല.

(ഡി) കേന്ദ്രപൂളിൽ നിന്നും 200 മെഗാവാട്ട് വൈദ്യുതി അധികമായി നൽകണമെന്ന് 17-6-2000-ൽ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രപൂളിൽ നിന്നും വരും വർഷങ്ങളിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്ന പദ്ധതികളിൽ നിന്നും സംസ്ഥാനത്തിന് ആനുപാതികമായ വൈദ്യുതി "ഗാഡ്ഗിൽ ഫോർമുല" പ്രകാരം കേരളത്തിന് ലഭ്യമാകുന്നതാണ്. ഇവ തടസ്സം കൂടാതെ കേരളത്തിലെത്തിക്കുവാൻ മധുര തിരുവനന്തപുരം 400 കെ. വി. ലൈനും ഇതിനകം പൂർത്തിയാകും.

LIBRARY ARCHIVES Kerala Legislative Assembly